**അറിയിപ്പ്**

അംഗങ്ങളുടെ ഇരിപ്പിട ക്രമീകരണം

മി. സ്പീക്കർ: ഓർഡർ....ഓർഡർ... 2022 ഫെബ്രുവരി 18-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ച 15-ാം കേരള നിയമസഭയുടെ നാലാം സമ്മേളനം 14 ദിവസത്തെ ഇടവേളയ്ക്കുശേഷം ബഡ്ജറ്റ് അവതരണത്തിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി ഇന്ന് പുനരാരംഭിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെയും അംഗങ്ങളുടെയും ഇരിപ്പിട ക്രമീകരണത്തിൽ കുറേ മാറ്റങ്ങളോടുകൂടിയാണ് ഇന്ന് സഭ ചേരുന്നത്. കോവിഡ് വ്യാപനത്തെത്തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി ഗണ്യമായ അകലത്തിൽ സീറ്റുകൾ ക്രമീകരിച്ചാണ് കഴിഞ്ഞ രണ്ടുവർഷക്കാലമായി സഭാ സമ്മേളനങ്ങൾ നടന്നുവരുന്നത്. 2020 മാർച്ച് 13-ാം തീയതിയാണ് ഏറ്റവും ഒടുവിലായി ഇന്നത്തെ രീതിയിലുള്ള സീറ്റ് ക്രമീകരണത്തിൽ സഭ സമ്മേളിച്ചത്. സഭയ്ക്കകത്തെ ഇരിപ്പിട ക്രമീകരണം പഴയ രീതിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിലും കോവിഡുമായി ബന്ധപ്പെട്ട മറ്റെല്ലാ പ്രോട്ടോക്കോളും തുടർന്നും അംഗങ്ങൾ പാലിക്കണമെന്നാണ് ചെയറിന് നിർദ്ദേശിക്കാനുള്ളത്. സീറ്റ് ക്രമീകരണത്തിന്റെ ഭാഗമായി സഭയ്ക്കകത്ത്

ചെയറിനും അംഗങ്ങൾക്കുമിടയിലും കഴിഞ്ഞ രണ്ടുവർഷക്കാലമായി നിലനിന്നിരുന്ന അകൽച്ചയിൽ ഗണ്യമായ കുറവുവരികയും അംഗങ്ങൾക്ക് കൂടുതൽ അടുത്തടുത്തിരിക്കാൻ കഴിയുകയും ചെയ്യുന്ന സാഹചര്യത്തിൽ സഭാ നടപടികളിലും അതിനനുസരിച്ചുള്ള അടുപ്പവും സൗഹൃദാന്തരീക്ഷവും രൂപപ്പെടുമെന്ന് ചെയർ പ്രതീക്ഷിക്കുകയാണ്.